# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 644** 28.02.2017-ൽ **മറുപടിക്ക്**

**ചേലക്കര മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം**

| | ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ്: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ചേലക്കര നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ്; | (എ) | ചേലക്കര നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾ 65 % പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര ഉപഭോക്താക്കൾക്ക് ഇതിനകം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് കണക്ഷൻ നൽകാനുണ്ട്; | (ബി) | 21.02.2017 - ലെ കണക്കുകൾ പ്രകാരം ഈ പദ്ധതി അനുസരിച്ച് 903 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 495 പേർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. |
| (സി) | ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്; ഇതിൽ കെ.എസ്. ഇ.ബി.യുടെ വിഹിതം എത്രയെന്നും എം.എൽ.എ. ഫണ്ട് വിഹിതം എത്രയെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പദ്ധതി ക്കായി വകയിരുത്തിട്ടുള്ള ആകെ എസ്റ്റിമേറ്റ് തുക ₹1,38,30,000/ ആണ്. അതിൽ കെ.എസ്.ഇ.ബി.എൽ ന്റെ വിഹിതം ₹69,15,000/ ഉം എം.എൽ.എ. വിഹിതം ₹ 69,15,000/ ഉം ആണ്. |
| (ഡി) | വയറിങ്ങ് നടത്താൻ സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വയറിങ്ങ് നടത്തി അവർക്കു കൂടി സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഗുണഫലം ലഭ്യമാക്കുന്നതിന് ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളാണ് തയ്യാറായിട്ടുള്ളത്; അവയുടെ പേരുവിവരം വ്യക്തമാക്കാമോ? | (ഡി) | വരവൂർ, മുള്ളൂർക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ, കൊണ്ടാഴി, ചേലക്കര, പഴയന്നൂർ, തിരുവില്വാമല എന്നീ ഗ്രാമ പഞ്ചായത്തു കളാണ് നിലവിൽ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വയറിംഗ് പൂർത്തിയാക്കാൻ തയ്യാറായിട്ടുള്ളത്. |

Kemalella

**സെക്ഷൻ ഓഫീസർ**